# ദിവ്യകാരുണ്യത്തിരുനാൾ -1

പു: കർത്താവു നിങ്ങളോടുകൂടെ Thomas Kalathil/ 2016
ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശ്വരാ, പരിശുദ്ധനായ പിതാവേ,
സർവ്വശക്തനും നിത്യനുമായ ദൈവമേ,
ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ

നിത്യപുരോഹിതനായ ക്രിസ്തുനാഥൻ
സനാതനബലിക്കു രൂപംനല്കിക്കൊണ്ട്,
തന്നെത്തന്നെ ആദ്യമായി ബലിയർപ്പിച്ചു;
തന്റെ ഓർമ്മയ്ക്കായി ഈ ദിവ്യബലി ഞങ്ങൾ അർപ്പിക്കണമെന്ന്
അവിടുന്നു ആജ്ഞാപിക്കുകയും ചെയ്തു.
ഞങ്ങൾക്കുവേണ്ടി അർപ്പിക്കപ്പെട്ട അവിടുത്തെ തിരുശ്ശരീരം
ഭക്ഷിക്കുകയാൽ, ഞങ്ങൾ ശക്തി പ്രാപിക്കുന്നു;
ഞങ്ങൾക്കുവേണ്ടി ചിന്തിയ അവിടുത്തേ തിരുരക്തം
പാനംചെയ്യുകയാൽ, ഞങ്ങൾ ശക്തിയാർജ്ജിക്കുന്നു.

ആകയാൽ, ദൂതന്മാർ, മുഖ്യദൂതന്മാർ, ഭദ്രാസനന്മാർ, അധീശന്മാർ
തുടങ്ങിയ എല്ലാ സ്വർഗ്ഗീയവൃന്ദങ്ങളോടുംചേർന്ന്
അങ്ങയുടെ മഹത്വത്തെ പ്രകീർത്തിച്ച്
ഞങ്ങൾ അവിരാമം ആലപിക്കുന്നു:

# ദിവ്യകാരുണ്യത്തിരുനാൾ -2

Thomas Kalathil/ 2016

പു: കർത്താവു നിങ്ങളോടുകൂടെ
ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശ്വരാ, പരിശുദ്ധനായ പിതാവേ,
സർവ്വശക്തനും നിത്യനുമായ ദൈവമേ,
ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ

ക്രിസ്തുനാഥൻ, ശിഷ്യന്മാരോടൊത്ത് അവസാനത്തെ
അത്താഴം കഴിച്ച രാത്രിയിൽ, രക്ഷാകരമായ കുരിശിന്റെ
നിത്യസ്മാരകം സ്ഥാപിച്ചുകൊണ്ട്, കറയറ്റ കുഞ്ഞാടായ
തന്നെത്തന്നെ അങ്ങേയ്ക്ക് പ്രീതികരവും
പരിപൂർണ്ണവുമായ സ്തോത്രയാഗമായി അർപ്പിച്ചുവല്ലോ.
ഒരേ ലോകത്തിൽ അധിവസിക്കുന്ന മനുഷ്യവംശത്തെ ഒരേ വിശ്വാസം
ഉദ്ദീപിപ്പിക്കുകയും ഒരേ സ്നേഹം ഒന്നിപ്പിക്കുകയും
ചെയ്യുന്നതിനുവേണ്ടി ഈ ആരാധ്യമായ കൂദാശയാൽ
അങ്ങു വിശ്വാസികളെ
പരിപോഷിപ്പിക്കുകയും പവിത്രീകരിക്കുകയും ചെയ്യുന്നു.
ഇത്രയേറെ വിസ്മയനീയമായ ദിവ്യരഹസ്യം നിറഞ്ഞ
വിരുന്നിലാണല്ലോ ഞങ്ങൾ പങ്കുകൊള്ളുക.
ഈ ദിവ്യഭോജനത്തിന്റെ മാധുര്യമാസ്വദിച്ച്, ആനന്ദചിത്തരായി
സ്വർഗ്ഗീയവിരുന്നിലേയ്ക്ക്, ഞങ്ങൾ നയിക്കപ്പെടുമാറാകട്ടെ.
ആകയാൽ നവ്യമായ ആരാധനാഗീതം ആലപിക്കുന്ന
ഭൂസ്വർഗ്ഗവാസികളോടുചേർന്ന് ഞങ്ങളും അവിരാമം ആലപിക്കുന്നു:

# വിശുദ്ധ യൗസേപ്പിന്റെ  തിരുനാൾ

പു: കർത്താവു നിങ്ങളോടുകൂടെ
ജ:  അങ്ങയോടും കൂടെ

Thomas Kalathil/ 2016

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ:  ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ:  അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശാ, പരിശുദ്ധനായ പിതാവേ,
സർവശക്തനും നിത്യനുമായ ദൈവമേ,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക,
വിശിഷ്യ, വിശുദ്ധ യൗസേപ്പിന്റെ  തിരുനാൾ (വണക്കം)
ആചരിച്ചുകൊണ്ട്
അർഹമായ സ്തോത്രങ്ങളാൽ അങ്ങയെ മഹത്വപ്പെടുത്തുകയും
വാഴ്ത്തി സ്തുതിക്കുകയും ചെയ്യുക,
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.
അങ്ങയുടെ ഏകപുത്രനും, പരിശുദ്ധാത്മാവിന്റെ
പ്രതിബിംബനത്താൽ ജാതനും, ഞങ്ങളുടെ കർത്താവുമായ
യേശുക്രിസതുവിന് , പിതാവെന്ന നിലയിൽ
സംരക്ഷണമേകുവാൻവേണ്ടിയാണല്ലോ
പുണ്യചരിതനായ യൗസേപ്പിനെ
ദൈവമാതാവായ കന്യകയ്ക്ക് വരനായി നല്കിയത്;
അങ്ങയുടെ കുടുംബത്തിനു അധിപനായി നിയോഗിച്ചതും
വിശ്വസ്തനും വിവേകിയുമായ അദ്ദേഹത്തെത്തന്നെയാണല്ലോ.
ക്രിസ്തുവിലൂടെ ദിവ്യദൂതന്മാർ അങ്ങയെ വാഴ്ത്തുന്നു;
അധീശന്മാർ ആരാധിക്കുന്നു; ആധികാരികന്മാർ ഭയഭക്തിപൂർവം
നിലകൊള്ളുന്നു; ശാക്തികന്മാരും ധന്യരായ ഭക്തിജ്വാലകന്മാരും,
സ്വർഗ്ഗസ്ഥരേവരും ഒന്നുചേർന്ന് ആഹ്ലാദഭരിതരായി
അങ്ങയെ പാടിസ്തുതിക്കുന്നു. അവരുടെ ഗാനത്തോട് ഞങ്ങളുടെ
എളിയസ്വരവും ചേരുവാൻ അനുവദിക്കണമെന്ന്
അപേക്ഷിച്ചുകൊണ്ട് ഞങ്ങളും താഴ്മയോടെ ആലപിക്കുന്നു:

വി. അപ്പോസ്തലന്മാരുടെ തിരുനാൾ−1

Thomas Kalathil/ 2016

പു: കർത്താവു നിങ്ങളോടുകൂടെ
ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശാ, പരിശുദ്ധനായ പിതാവേ,
സർവശക്തനും നിത്യനുമായ ദൈവമേ,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക,
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

നിത്യഇടയനായ നാഥാ,
അങ്ങയുടെ അജഗണത്തെ കൈവെടിയാതെ,
ധന്യരായ അപ്പോസ്തലന്മാർ വഴി
നിരന്തര സംരക്ഷണം നല്കി, അങ്ങ് കാത്തുപാലിക്കുന്നു;
ദിവ്യജനമായ സഭയെ ഭരിക്കുന്നതിന്
അങ്ങേ വത്സലപുത്രന്റെ പ്രതിപുരുഷന്മാരായ
ഈ അപ്പോസ്തലന്മാരെത്തന്നെ ആത്മീയപാലകന്മാരായി
നിയോഗിക്കുവാൻ അങ്ങ് തിരുവുള്ളമായല്ലോ.

ആകയാൽ, ദൂതന്മാർ, മുഖ്യദൂതന്മാർ, ഭദ്രാസനന്മാർ, അധീശന്മാർ
തുടങ്ങിയ എല്ലാ സ്വർഗ്ഗീയവൃന്ദങ്ങളോടുംചേർന്ന്
അങ്ങയുടെ മഹത്വത്തെ പ്രകീർത്തിച്ച്
ഞങ്ങൾ അവിരാമം ആലപിക്കുന്നു:

Thomas Kalathil/ 2016

പു: കർത്താവു നിങ്ങളോടുകൂടെ
ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശാ, പരിശുദ്ധനായ പിതാവേ,
സർവശക്തനും നിത്യനുമായ ദൈവമേ,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക,
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

അങ്ങയുടെ അനന്തപരിശുദ്ധിയുടെ ശാശ്വതചിഹ്നമായി
ഭൂമിയിൽ പ്രശോഭിക്കുവാനും,
സനാതനസത്യങ്ങൾ സർവജനങ്ങളെയും
പഠിപ്പിക്കുവാനുംവേണ്ടി
അപ്പോസ്ത്ലന്മാരാകുന്ന അടിസ്ഥാനത്തിൽ
തിരുസഭയെ അങ്ങ് പടുത്തുയർത്തിയല്ലോ.

ആകയാൽ, ഇന്നും എന്നും
എല്ലാ മാലാഖവൃന്ദങ്ങളോടുംചേർന്നു,
ഞങ്ങൾ ഉച്ചൈസ്തരം ആലപിക്കുന്നു:

# വിശുദ്ധരുടെ തിരുനാൾ–1

പു: കർത്താവു നിങ്ങളോടുകൂടെ
Thomas Kalathil/ 2016
ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശാ, പരിശുദ്ധനായ പിതാവേ,
സർവശക്തനും നിത്യനുമായ ദൈവമേ,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക,
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

വിശുദ്ധരുടെ സദസിൽ അങ്ങ് പ്രകീർത്തിക്കപ്പെടുന്നു;
അവരുടെ സുകൃതഫലങ്ങൾക്ക് അങ്ങ് മകുടം ചാർത്തുമ്പോൾ,
അങ്ങയുടെ ദാനങ്ങൾക്കുതന്നെയാണല്ലോ കിരീടമണിയിക്കുക;
അങ്ങയുടെ അനുഗ്രഹത്താൽ, അവരുടെ ജീവിതം ഞങ്ങൾക്കു
മാതൃകയായി; അവരുമായുള്ള ഐക്യത്തിലൂടെ ഞങ്ങൾക്കു
നിത്യജീവനിൽ പങ്കാളിത്തം ലഭിച്ചു;
അവരുടെ മാധ്യസ്ഥ്യം ഞങ്ങൾക്കു സഹായകവുമായി.
ഈ ധർമ്മസാക്ഷികളുടെ മഹാവൃന്ദം നൽകുന്ന പിൻബലത്തോടെ
ഞങ്ങൾ ജീവിതസമരത്തിൽ സഹിഷ്ണുതാപൂർവ്വം മുന്നേറുന്നു;
അവരോടൊപ്പം അക്ഷയമഹിമയുടെ കിരീടം ചൂടുവാൻ,
ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി,
ഞങ്ങൾക്കിടയാകുകയും ചെയ്യുന്നു.
ആകയാൽ ദൂതന്മാരോടും, മുഖ്യദൂതന്മാരോടും
വിശുദ്ധരോടും ചേർന്ന്,
അങ്ങയുടെ മഹത്വത്തെ പ്രകീർത്തിച്ച്,
ഞങ്ങൾ അവിരാമം ആലപിക്കുന്നു:

## വിശുദ്ധരുടെ തിരുനാൾ–2

പു: കർത്താവു നിങ്ങളോടുകൂടെ
ജ: അങ്ങയോടും കൂടെ

Thomas Kalathil/ 2016

പു: ഹൃദയം കർത്താവികലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശാ, പരിശുദ്ധനായ പിതാവേ,
സർവശക്തനും നിത്യനുമായ ദൈവമേ,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക,
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

വിശുദ്ധരുടെ വിസ്മയനീയമായ വിശ്വാസപ്രഖ്യാപനത്താൽ,
അങ്ങ് തിരുസഭയെ സദാ പുഷ്ടിപ്പെടുത്തുന്നു.
അങ്ങയെ സ്നേഹിക്കുന്നതിന്
അവരുടെ ഉത്തമമാതൃകകൾ ഞങ്ങൾക്കു കാണിച്ചുതരുന്നു.
ഞങ്ങളുടെ ആത്മരക്ഷ സാധിക്കുന്നതിന്,
വിശുദ്ധരുടെ സുകൃതജീവിതം ഞങ്ങൾക്കു പ്രചോദനമായും
മാധ്യസ്ഥ്യം ഞങ്ങൾക്കു തുണയായും നൽകുവാൻ
അങ്ങ് തിരുവുള്ളമായല്ലോ.

ആകയാൽ, എല്ലാ മാലാഖമാരോടും വിശുദ്ധരോടും ചേർന്ന്,
അങ്ങയെ പ്രകീർത്തിച്ചുകൊണ്ട്,
ഞങ്ങൾ ആഹ്ലാദഭരിതരായി ആലപിക്കുന്നു:

# വി. രക്തസാക്ഷികളുടെ തിരുനാൾ –1

Thomas Kalathil/ 2016

പു: കർത്താവു നിങ്ങളോടുകൂടെ
ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശാ, പരിശുദ്ധനായ പിതാവേ,
സർവശക്തനും നിത്യനുമായ ദൈവമേ,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക,
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

വേദസാക്ഷിയായ വി. ...................... ക്രിസ്തുവിനെ അനുകരിച്ച് ,
അങ്ങയെ മഹത്വപ്പെടുത്തുന്നതിനുവേണ്ടി ചിന്തിയ രക്തം
വിശ്വാസസത്യങ്ങൾക്കു സാക്ഷ്യം വഹിക്കുന്നു;
അങ്ങനെ, ബലഹീനരായ ഞങ്ങളെ
അങ്ങ് ബലിഷ്ഠരാക്കുകയും
സുധീരം അങ്ങേക്ക് സാക്ഷ്യം വഹിക്കുവാൻ
ഞങ്ങളെ പ്രാപ്തരാക്കുകയും ചെയ്യുന്നു.

ആകയാൽ സ്വർഗ്ഗീയശക്തികന്മാരോട് ചേർന്ന്,
ഈ ഭൂമിയിൽ അങ്ങയെ ഞങ്ങൾ പ്രഘോഷിക്കുന്നു.
മഹാപ്രതാപവാനായ അങ്ങയുടെ സ്തുതിഗീതം
ഞങ്ങൾ അവിരാമം ആലപിക്കുന്നു:

# വി. അദ്ധ്യാത്മപാലകന്മാരുടെ തിരുനാൾ

പു: കർത്താവു നിങ്ങളോടുകൂടെ
ജ: അങ്ങയോടും കൂടെ

Thomas Kalathil/ 2016

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശാ, പരിശുദ്ധനായ പിതാവേ,
സർവശക്തനും നിത്യനുമായ ദൈവമേ,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക,
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

വിശുദ്ധ ......................ന്റെ തിരുനാളാഘോഷത്തിൽ
ആനന്ദിക്കുവാൻ തിരുസഭയ്ക്കു അങ്ങ് അനുഗ്രഹമരുളുന്നു.
ഈ വിശുദ്ധന്റെ പുണ്യജീവിതമാതൃകയാൽ
ഞങ്ങളെ വിശ്വാസത്തിൽ ഉറപ്പിക്കുന്നതിനും
അദ്ദേഹം നിർവഹിച്ച സുവിശേഷപ്രഘോഷണത്താൽ
ഞങ്ങളെ ഉദ്ബുദ്ധരാക്കുന്നതിനും
അദ്ദേഹത്തിന്റെ പ്രാർത്ഥനയിൽ പ്രസാദിച്ചു
ഞങ്ങളെ കാത്തുപാലിക്കുന്നതിനും
അങ്ങ് തിരുവുള്ളമായല്ലോ.

ആകയാൽ എല്ലാ മാലാഖമാരോടും വിശുദ്ധരോടും ചേർന്ന്,
അങ്ങയുടെ മഹത്വത്തെ പ്രകീർത്തിച്ച്,
ഞങ്ങൾ ഏകസ്വരത്തിൽ ആലപിക്കുന്നു:

# വിശുദ്ധരായ കന്യകകളുടെയും സന്യസ്തരുടെയും തിരുനാൾ

Thomas Kalathil/ 2016

പു: കർത്താവു നിങ്ങളോടുകൂടെ
ജ: അങ്ങയോടും കൂടെ

പു: ഹൃദയം കർത്താവിങ്കലേയ്ക്കുയർത്തുവിൻ
ജ: ഇതാ! ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

പു: നമ്മുടെ കർത്താവായ ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാം
ജ: അത് ഉചിതവും ന്യായവുമത്രേ.

സർവ്വേശാ, പരിശുദ്ധനായ പിതാവേ,
സർവശക്തനും നിത്യനുമായ ദൈവമേ,
എങ്ങുമെപ്പോഴും അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുക,
ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

സ്വർഗ്ഗരാജ്യത്തെപ്രതി തങ്ങളെത്തന്നെ അർപ്പണംചെയ്ത
വിശുദ്ധരിൽ പ്രകടമായ അങ്ങേ വിസ്മയനീയമായ പരിപാലനം
ഞങ്ങൾ പ്രകീർത്തിക്കുക ഉചിതമാണല്ലോ.
മനുഷ്യപ്രകൃതിയെ ആദിമകൃപാവരപദവിയിൽ
പുനഃപ്രതിഷ്ഠിക്കുവാനും
പുതുയുഗത്തിലെ ദാനങ്ങളാൽ സമ്പന്നമാക്കുവാനും
അങ്ങ് തിരുവുള്ളമായി..

ആകയാൽ എല്ലാ മാലാഖമാരോടും വിശുദ്ധരോടും ചേർന്ന്,
അങ്ങയെ സ്തുതിച്ചുകൊണ്ട്
ഞങ്ങളും അവിരാമം ആലപിക്കുന്നു: